# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2165 05/12/2018-ൽ മറുപടിക്ക്

## കനോലി കനാൽ പുനരുദ്ധാരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ. പ്രദീപ്കുമാർ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| | കോഴിക്കോട് കനോലി കനാൽ പുനരുദ്ധരിക്കുന്നതുമായി ബന്ധപ്പെട്ട് മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാക്കിയ ആക്ഷൻപ്ലാൻ പ്രകാരം എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ? | | 2017 ഓഗസ്റ്റ് മാസം കോഴിക്കോട് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് കനോലി കനാലിന്റെ പുനരുദ്ധാരണത്തിനായുള്ള (action plan) പദ്ധതികൾക്ക് തുടക്കം കുറിച്ചത്. അനധികൃത ഡിസ്ച്ചാർജ്ജുകൾ തടയുക, വികേന്ദ്രീകൃത സ്വീവേജ് സംസ്കരണ പ്ലാന്റുകൾ അനുയോജ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുക, വാണിജ്യ സ്ഥാപനങ്ങൾ, വീടുകൾ, ചേരിപ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിന്നുണ്ടാവുന്ന ഖരദ്രവ മാലിന്യങ്ങൾ ശുദ്ധീകരിച്ച്/സംസ്കരിച്ച് നിർമാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക, ചാലുകൾ കനാലിലേക്ക് ചേരുന്ന ഭാഗങ്ങളിൽ delay pond സംവിധാനം ഏർപ്പെടുത്തുക, ചാലുകൾ ചേരുന്ന ജംഗ്ഷനിൽ ബാർ സ്ക്രീൻ/ ഇന്റർ സെപ്റ്ററുകൾ ഏർപ്പെടുത്തുക, തോട് കൃത്യമായ സമയങ്ങളിൽ വൃത്തിയാക്കുക, കനാലിന് ഇരുവശവും വെർട്ടിക്കൽ സ്ക്രീൻ ഏർപ്പെടുത്തുക തുടങ്ങിയവയായിരുന്നു ആക്ഷൻ പ്ലാനിൽ ബോർഡിന്റെ പ്രധാന നിർദ്ദേശങ്ങൾ.<br>29.01.2018 ൽ കോർപ്പറേഷൻ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലയിലെ പ്രധാനപത്രങ്ങളിൽ കനോലി കനാലിലേക്ക് അനധികൃതമായി പാഴ് ജലം ഒഴുക്കി വിടുന്നത് സമയ ബന്ധിതമായി നിർത്തലാക്കുന്നതിന് പൊതു ജനങ്ങൾക്ക് നോട്ടീസ് നൽകുവാൻ തീരുമാനിച്ചു. ജില്ലാ കളക്ടർ നിർദേശിച്ചതനുസരിച്ച് 27.04.2018 ന് മലിനീകരണ നിയന്ത്രണ ബോർഡ് പ്രവൃത്തി പദ്ധതിയുടെ വിശദാംശങ്ങൾ എം.എൽ.എമാർക്ക് വേണ്ടി അവതരിപ്പിക്കുകയുണ്ടായി. ഈ മീറ്റിംഗിൽ വെച്ച് വാണിജ്യ സമുച്ചയങ്ങൾ, വീടുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവ |

| | | | |
|---|---|---|---|
| | | | യിൽ നിന്നുള്ള മലിന ജലം പബ്ലിക് ഡ്രൈയിനേജു കളിലൂടെ കനോലി കനാലിലേക്ക് എത്തിച്ചേരു ന്നത് തടയുവാനായി എല്ലാ സ്ഥാപനങ്ങൾക്കും ഒരു പ്രിലിമിനറി വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് സിസ്റ്റം ഏർപ്പെടുത്തുവാൻ തീരുമാനമായി. ഓരോ വ്യവ സായ സംരംഭകനും സ്വന്തമായി സമയബന്ധിത മായി മേൽ പറഞ്ഞ മലിനജല സംസ്കരണ സംവിധാനം ഒരുക്കുന്നതിനും കനോലി കനാലി ലേക്ക് ശുദ്ധീകരിക്കാത്ത പാഴ് ജലം ഒഴുക്കി വിടുന്നത് നിർത്തുന്നതിനുമുള്ള പബ്ലിക് നോട്ടീസ് പത്രദ്വാരാ ജനങ്ങളെ അറിയിക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപന അധികാരികളെ ചുമതലപ്പെടുത്തുകയുണ്ടായി.<br><br>23.08.2018 തീയതിയിൽ ചേർന്ന ജില്ലാ കളക്ട റുടെ യോഗത്തിൽ കനോലി കനാൽ ഘട്ടം ഘട്ട മായി വൃത്തിയാക്കുന്നതിന് "നിറവ്" എന്ന എൻ.ജി.ഒ സന്നദ്ധത അറിയിക്കുകയും ചെയ്തു. കൂടാതെ കനോലി കനാലിലേക്ക് ഖരമാലിന്യങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിനായി ഡ്രെയി നേജിന്റെ ഡിസ്ചാർജ്ജ് പോയിന്റുകളിൽ സ്ഥാപി ക്കുന്നതിന് ഒരു സ്ക്രീൻ ഡിസൈൻ ചെയ്യുന്ന തിന് മലിനീകരണ നിയന്ത്രണ ബോർഡിനെയും, CWRDM ഉദ്യോഗസ്ഥരെയും കളക്ടർ ചുമതല പ്പെടുത്തി. ഇതനുസരിച്ച് ഒരു സ്ക്രീൻ ഡിസൈൻ ചെയ്യുകയും ഇതിന്റെ നിർമ്മാണം പൂർത്തീകരി ക്കുകയും ചെയ്തിട്ടുണ്ട് കോർപ്പറേഷൻ പരിധിയിലെ കോരപ്പുഴയിൽ തുടങ്ങി കല്ലായി പുഴയിൽ അവ സാനിക്കുന്ന 11.2 കിലോ മീറ്റർ വരുന്ന കനോലി കനാൽ കോർപ്പറേഷന്റെയും, ജില്ലാ ഭരണകൂടത്തി ന്റെയും, പൊതുജനങ്ങളുടേയും, നിറവ് വേങ്ങേരി യുടേയും പങ്കാളിത്തത്തോടെ ഓഗസ്റ്റ് 28 ന് ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ഒക്ടോബർ അവസാനത്തോടു കൂടി ഇത് പൂർത്തീ കരിക്കുകയും ചെയ്തിട്ടുണ്ട് ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച ശേഷം മലിനീക രണ നിയന്ത്രണ ബോർഡ് കനോലി കനാലിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമായി 13 ജല സാമ്പിളു കൾ ശേഖരിക്കുകയും ബോർഡിന്റെ കോഴിക്കോട് റീജിയണൽ ലബോറട്ടറിയിൽ ഗുണനിലവാര പരി ശോധനക്കായി നൽകുകയും ചെയ്തിട്ടുണ്ട് സാമ്പി ളുകളിലെ കീടനാശിനികൾ, മെർക്കുറി എന്നിവ യുടെ സാന്നിദ്ധ്യം പരിശോധിക്കുന്നതിനായി സാമ്പിളുകൾ ബോർഡിന്റെ എറണാകുളം സെൻട്രൽ ലബോറട്ടറിയിലേക്കും അയച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| | | | 01.11.2018 കഴിഞ്ഞ് സമയപരിധി നൽകിയതിന് ശേഷവും നിർദ്ദേശം ലംഘിക്കുന്ന വ്യവസായ സ്ഥാപനങ്ങളേയും, വാസസ്ഥലങ്ങളേയും കണ്ടു പിടിക്കുന്നതിനായി പരിശോധനകൾ നടത്തുന്നതിനും 22.10.2018 ൽ മേയറുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. ബോർഡിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ നിയമ ലംഘനം അറിയിക്കുന്ന മുറയ്ക്ക് ഇവർക്കെതിരെ നിയമ നടപടികൾ ബോർഡ് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**